File No. TCPCTP/334/2019-D

**മുഖ്യ നഗരാസൂത്രകയുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം :- നഗര-ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യനഗരാസൂത്രകയുടെ കാര്യലയം, തിരുവനന്തപുരം - സാങ്കേതിക വിഭാഗം - കണ്ണൂർ ജില്ല - മലപ്പട്ടം ഗ്രാമപഞ്ചായത്ത് - മലപ്പട്ടം വില്ലേജ് - പെട്രോളിയം റീട്ടെയിൽ ഔട്ട് ലെറ്റ് നിർമ്മാണം - ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1) മലപ്പട്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07/01/2019- ലെ B2/3641/18 നമ്പർ കത്ത്
2) കണ്ണൂർ ടൗൺ പ്ലാനറുടെ 02/02/2019-ലെ C/72/19 നമ്പർ കത്ത്.

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

ഉത്തരവ് നമ്പർ. TCPCTP/334/19-D തീയതി : 16/03/2019

ഉത്തരവ്

കണ്ണൂർ ജില്ലയിലെ മലപ്പട്ടം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മലപ്പട്ടം വില്ലേജിൽ റീസർവ്വേ നമ്പർ 219/1 എന്നിവയിൽപ്പെട്ട 20.50 സെന്റ് സ്ഥലത്ത് പെട്രോളിയം റീട്ടെയിൽ ഔട്ട ലെറ്റ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീമതി. എം.വി. ഷീന-യുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ-2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ-ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1) താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഒ.സി. എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമെ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്കുപ്പൻസി നൽകുവാൻ പാടുള്ളു.

2) KPBR-2011-ലെ ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം.

3) നിർമ്മാണം കെ.പി.ബി.ആർ. 2011-നും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

4) ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.

5) കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി. വാങ്ങിയിരിക്കണം.

6) നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന/നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.

7) KPBR 2011 - 61(16) (17) എന്നിവ പ്രകാരമുള്ള മലിനജല പുനചക്രമണത്തിനും, പുനരുപയോഗത്തിനുമുള്ള സംവിധാനം ഒരുക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 21/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

ടൗൺ പ്ലാനറുടെ കാര്യാലയം
പിൻ-695 003
തിരുവനന്തപുരം

ഉള്ളടക്കം : ഒരു സെറ്റ് പ്ലാൻ

ജയശ്രീ. പി.ആർ.
നഗരാസൂത്രക

സെക്രട്ടറി, മലപ്പട്ടം ഗ്രാമപഞ്ചായത്ത്.

പകർപ്പ് : 1) ശ്രീമതി. എം.വി. ഷീന, ശ്രീനിലയം, പീക്കുണ്ട്, കുറുമത്തൂർ.പി.ഒ., കണ്ണൂർ-670142
2) ടൗൺ പ്ലാനർ, കണ്ണൂർ.
3) വെബ്സൈറ്റ്. 4) കരുതൽ ഫയൽ. 5) അധികം.